**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നം. *262 — 12/03/2018 ൽ മറുപടിക്ക്

**കശുവണ്ടി സംഭരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. കെ. രാജൻ<br>ശ്രീമതി.സി.കെ. ആശ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ മേഖല സ്തംഭനാവസ്ഥയിൽ ആണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദ മാക്കുമോ; | (എ) | എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടത്തിയ നിരന്തര ഇടപെടലിനെത്തുടർന്ന് തുറന്നു പ്രവർത്തിപ്പിച്ച കാഷ്യൂ കോർപറേഷന്റേയും കാപ്പക്സിന്റേയും ഫാക്ടറികൾ ഇന്ന് തോട്ടണ്ടി ദൗർലഭ്യം കാരണം പ്രതിസന്ധി നേരിടുന്നുണ്ട്. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇറക്കുമതി ചുങ്കവും ഇതിന് കാരണമാണ്. |
| (ബി) | തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം പുതിയ ആശയങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | തോട്ടണ്ടിയുടെ വില വർദ്ധനയും ലഭ്യതക്കുറവും ബാങ്കിൽ നിന്നും വിലക്കയറ്റത്തിന് ആനുപാതികമായി ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും സ്വകാര്യ ചെറുകിട വ്യവസായികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശ വ്യവസായികളെ കടക്കെണിയിലാക്കുകയും പല ഫാക്ടറികളും അടച്ചിടേണ്ട സ്ഥിതിയിലേക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിയറ്റ്നാമിൽ നിന്നും കുറഞ്ഞ വിലയ്ക്ക് കശുവണ്ടിപരിപ്പ് ഇറക്കുമതി ചെയ്യുന്നതും കേരളത്തിലെ കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നതാണ്. കേരളത്തിലെ കശുവണ്ടി വ്യവസായ മേഖല നേരിടുന്ന |
| (സി) | കശുവണ്ടി സീസൺ ആരംഭിക്കാനിരിക്കെ അതിന് മുന്നോടിയായി വിദേശ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) & | |
| (ഡി) | രണ്ടുലക്ഷത്തോളം തൊഴിലാളികളുള്ള ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിന് സർക്കാർ മുൻകൈയെടുക്കുമോ; വ്യക്തമാക്കുമോ; | (ഡി) | |

| | | | |
|---|---|---|---|
| | | | ഈ പ്രതിസന്ധി പരിഹരിക്കുന്നതിനാണ് സർക്കാർ കേരള കാഷ്യൂബോർഡ് രൂപീകരിച്ചിട്ടുള്ളത്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ശേഖരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു. ഗവൺമെന്റ് ടു ഗവൺമെന്റ് അടിസ്ഥാനത്തിൽ തോട്ടണ്ടി സംഭരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഇതിനെ അതി ജീവിക്കാൻ മറ്റ് മാർഗ്ഗങ്ങൾ വഴി തോട്ടണ്ടി സംഭരിക്കാനുള്ള പരിശ്രമത്തിലാണ്. തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും ശേഖരിക്കുന്നതോടൊപ്പം തന്നെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചു വരികയാണ്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടി ലഭ്യതക്ക് പ്രയാസം നേരിടുന്ന സാഹചര്യത്തിൽ കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുൽപാദന ശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. വനം,കൃഷി വകുപ്പ് മന്ത്രിമാരുമായി സംയുക്തമായി നടത്തിയ ചർച്ചയെത്തുടർന്ന് സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ നിന്നും ഫാമുകളിൽ നിന്നും ലഭ്യമായ പരമാവധി തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപ്പക്സിനും തന്നെ ലഭിക്കുന്നുവെന്നുറപ്പു വരുത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.<br>ടാൻസാനിയ,മൊസാംബിക്,ഐവറി കോസ്റ്റ് എന്നീ കശുവണ്ടി ഉല്പാദക |

| | | | |
|---|---|---|---|
| | | | ആഫ്രിക്കൻ രാജ്യങ്ങളിലെ ഇന്ത്യൻ അംബാസിഡർമാരുമായി തോട്ടണ്ടി സംഭരണം സംബന്ധിച്ച് കാഷ്യൂ ബോർഡ് നേരിട്ട് ചർച്ച നടത്തി വരികയാണ്. കശുവണ്ടി വ്യവസായ മേഖലയിൽ തൊഴിൽ ഉറപ്പു വരുത്തുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാരിന്റെ നേതൃത്വത്തിൽ നടന്നു വരികയാണ്. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കി മാത്രമേ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയുകയുള്ളൂ.<br>കടക്കെണി മൂലം പ്രതിസന്ധിയിലായതും ജപ്തി ഭീഷണി നേരിടുന്നതുമായ ഫാക്ടറി ഉടമകളെ സഹായിക്കുന്നതിന്റെ ഭാഗമായി ഒരു റിവൈവൽ പാക്കേജ് നടപ്പിലാക്കുന്ന കാര്യം ബാങ്കുകളുമായി ബന്ധപ്പെട്ട് ആലോചിച്ചു വരുന്നു. ഇക്കാര്യം ചർച്ച ചെയ്യാൻ ബാങ്കുകളുടേയും ഫാക്ടറി ഉടമകളുടെയും ഒരു യോഗം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 15/02/2018 ൽ വിളിച്ചു ചേർത്തിരുന്നു. പ്രസ്തുത യോഗ തീരുമാനത്തിന്റെ യടിസ്ഥാനത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 31/5/2018 വരെ വ്യവസായികളുടെ വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തി വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ കടക്കെണിയിലായ വ്യവസായികളുടെ വീടുകൾ ജപ്തി ചെയ്ത് വീട്ടിൽ നിന്നും അവരെ പുറത്താക്കുന്ന നടപടികളും നിർത്തി വെച്ചിരിക്കുകയാണ്.<br>വ്യവസ്ഥകൾ :-<br>i. 31/3/2018 ന് മുമ്പ് വ്യവസായികൾ ബന്ധപ്പെട്ട ബാങ്കിന് പുനരുദ്ധാരണ |

| | | | |
|---|---|---|---|
| | | | പാക്കേജ് സമർപ്പിക്കണം.<br>ii. ഇങ്ങിനെ സമർപ്പിക്കുന്ന പ്രൊപ്പോസൽ ഒരു മാസത്തിനകം പരിശോധിച്ച് ബാങ്കുകൾ തീരുമാനം വ്യവസായിയെ അറിയിക്കും.<br>iii. ആർ.ബി.ഐ. മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബാങ്കുകൾ പ്രൊപ്പോസൽ പരിഗണിച്ച് സ്വീകാര്യമാണെങ്കിൽ പ്രൊപ്പോസലുമായി മുന്നോട്ട് പോകുന്നതാണ്.<br>iv. സ്വീകാര്യമല്ലാത്ത പ്രൊപ്പോസലുകൾ സംബന്ധിച്ച് വ്യവസായിയെ അറിയിക്കുകയും 31/5/2018 നകം സ്വീകാര്യമായ ഒറ്റത്തവണ തീർപ്പാക്കലിന് ശ്രമിക്കുകയോ മറ്റ് മാർഗ്ഗത്തിലൂടെ കണക്ക് തീർപ്പാക്കുന്നതിന് ശ്രമിക്കേണ്ടതോ ആണ്. അല്ലാത്ത പക്ഷം ജപ്തി നടപടികൾ തുടരുന്നതായിരിക്കും.<br>v. നിശ്ചിത സമയത്തിനകം പുനരുദ്ധാരണ പ്രൊപ്പോസൽ സമർപ്പിക്കാത്തവർക്കും 31/5/2018 നകം ഒറ്റത്തവണ തീർപ്പാക്കൽ നടപടിക്ക് ശ്രമിക്കാവുന്നതും അല്ലാത്ത പക്ഷം മറ്റു മാർഗ്ഗങ്ങൾ വഴി കണക്ക് തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതുമാണ്.<br>മേൽ പറഞ്ഞ തീരുമാനങ്ങൾ താഴെ പറയുന്ന 14 ബാങ്കുകൾക്ക് ബാധകമായിരിക്കും.<br>1. ആക്സിസ് ബാങ്ക്<br>2,. ബാങ്ക് ഓഫ് ഇന്ത്യ<br>3. കാനറ ബാങ്ക്<br>4.കാത്തലിക് സിറിയൻ ബാങ്ക് |

| | | | |
|---|---|---|---|
| | | | 5. കോർപ്പറേഷൻ ബാങ്ക്<br>6.ഫെഡറൽ ബാങ്ക്<br>7. എച്ച്.ഡി.എഫ്.സി. ബാങ്ക്<br>8.ഐ.ഡി.ബി.ഐ<br>9.ഇന്ത്യൻ ബാങ്ക്<br>10. പഞ്ചാബ് നാഷണൽ ബാങ്ക്<br>11.സൗത്ത് ഇന്ത്യൻ ബാങ്ക്<br>12. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ<br>13. സിൻഡിക്കേറ്റ് ബാങ്ക്<br>14.തമിഴ് നാട് മർക്കന്റൈൻ ബാങ്ക് |
| (ഇ) | ഗുണമേന്മയിലും വലിപ്പത്തിലും മുന്തിയ തോട്ടണ്ടി ന്യായവില നല്കി കർഷകരിൽ നിന്ന് സംഭരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; | (ഇ) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി പരമാവധി സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ പോലെയുള്ള പ്രമുഖ പൊതുമേഖലാ സ്ഥാപനം തങ്ങളുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്യുന്നതിനുള്ള നടപടിയുമായി മുന്നോട്ടു പോയിട്ടുള്ളതിനാൽ കഴിഞ്ഞ വർഷത്തെ അതേ തോതിൽ നാടൻ തോട്ടണ്ടി പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും സംഭരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് വനം,കൃഷി, കശുവണ്ടി വ്യവസായ വകുപ്പു മന്ത്രിമാരുടെ സംയുക്തയോഗം ചേർന്ന് പരമാവധി തോട്ടണ്ടി കാഷ്യൂ കോർപറേഷനും കാപെക്സിനും ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്ലാന്റേഷൻ കോർപറേഷനിൽ ഇതിനകം ലേലം ചെയ്തു കഴിഞ്ഞിട്ടുള്ള 70% ബ്ലോക്കുകളിൽ നിന്നും ലേലം പിടിച്ചവർ മുഖാന്തിരം തോട്ടണ്ടി പൊതുമേഖലാ വ്യവസായത്തിന് ലഭ്യമാക്കാനും ലേലം ചെയ്യാൻ ബാക്കിയുള്ള 30% ബ്ലോക്കുകളുടെ ലേലവ്യവസ്ഥയായി സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപറേഷനും കാപെക്സിനും നൽകുമെന്ന് ഉൾപ്പെടുത്താനും തീരുമാനിച്ചു. സർക്കാർ |

| | | | |
|---|---|---|---|
| | | | ഉടമസ്ഥതയിലുള്ള മറ്റെല്ലാ തോട്ടങ്ങളിൽ നിന്നും ഫാമുകളിൽ നിന്നും കർഷകരിൽ നിന്നും മറ്റിതര സ്ഥലങ്ങളിൽ നിന്നും തോട്ടണ്ടി പരമാവധി ശേഖരിച്ച് സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (എഫ്) | ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് കശുവണ്ടി സംഭരിക്കുന്നതിനായി നടത്തിയ ശ്രമങ്ങൾ ഫലവത്തായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് കശുവണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ